**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 72** **11-02-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസന വകുപ്പുകളുടെ ക്ഷേമ, വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ ക്ഷേമ വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്കായി സമർപ്പിക്കുന്ന അപേക്ഷകളോടൊപ്പം വളരെ അനിവാര്യമായ സർട്ടിഫിക്കറ്റുകൾ മാത്രം ഉൾപ്പെടുത്തി സേവനം സാധ്യമാക്കുന്നതിനായി 24.05.2023 തീയതിയിലെ സ.ഉ(സാധാ)നം. 632/2023/SCSTD പ്രകാരം സർട്ടിഫിക്കറ്റുകളുടെ എണ്ണം ലഘൂകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . കൂടാതെ, പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ ഉത്തരവുകളും മാനദണ്ഡങ്ങളും പരിഷ്കരിക്കുന്നതിന് നടപടികൾ ആരംഭിക്കുകയും പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടറെ കൺവീനറായി ചുമതലപ്പെടുത്തി 13 അംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട് .<br><br>പട്ടികവർഗ വിഭാഗങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ, ആയതിലേക്കായി നീക്കിവച്ചിരിക്കുന്ന തുക ഉപയോഗപ്പെടുത്തി കൃത്യമായി സംസ്ഥാനത്തുടനീളം പട്ടിക വർഗക്കാർ അധിവസിക്കുന്ന സ്ഥലങ്ങളിൽ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗക്കാരുടെ ക്ഷേമ, വികസന പദ്ധതികൾ എല്ലാ വർഷവും തയ്യാറാക്കുന്നത് ബന്ധപ്പെട്ട ജില്ലാ |

ഓഫീസർമാരുമായി ചർച്ച ചെയ്താണ് . ജില്ലാ ഓഫീസർമാർ ബന്ധപ്പെട്ട ഊരുകൂട്ടങ്ങളുമായി നിരന്തരം കൂടിയാലോചനകൾ നടത്തുന്നതിനാൽ ഈ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് അവബോധം ഉണ്ടായിരിക്കുന്നതാണ് . പട്ടിക വർഗ വികസന വകുപ്പ് ശില്പശാലകളും സെമിനാറുകളും സംഘടിപ്പിക്കാറുണ്ട് . ഇത്തരം വേദികളിൽ നിന്നും ഉയർന്നുവരുന്ന നിർദേശങ്ങൾ കൂടി കണക്കിലെടുത്താണ് പദ്ധതികൾ തയ്യാറാക്കുന്നത്. കൂടാതെ വകുപ്പിൽ എഞ്ചിനീയർമാരുടെയും ആരോഗ്യ മേഖലയിലെ വിദഗ്ധരുടെയും സേവനം ലഭ്യമായതിനാൽ അവരുടെ നിർദേശങ്ങൾ കൂടി പദ്ധതികൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കാറുണ്ട്.

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ വിദ്യാഭ്യാസ ആനുകൂല്യങ്ങളെല്ലാം ഓൺലൈനായിട്ടാണ് നടപ്പിലാക്കുന്നത്. മാന്വൽ ആയി നടപ്പിലാക്കി വന്നിരുന്ന വിവിധ വികസന പദ്ധതികൾ കൂടി ഈ വർഷം മുതൽ ബി-വിൻ എന്ന പോർട്ടലിലൂടെ നടപ്പാക്കാൻ തുടങ്ങിയതോടെ മുഴുവൻ സ്കീമുകളും ഓൺലൈൻ രീതിയിലേക്ക് മാറിയിട്ടുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പിന്നാക്ക വിഭാഗത്തിലെ ബാർബർ തൊഴിൽ ചെയ്യുന്നവർക്ക് തൊഴിൽ നവീകരിക്കുന്നതിനുള്ള ധനസഹായം (ബാർബർഷോപ്പ് നവീകരണ ധനസഹായം), പരമ്പരാഗതമായി മൺപാത്ര നിർമ്മാണ തൊഴിൽ ചെയ്തുവരുന്ന സമുദായങ്ങൾക്കുള്ള ധനസഹായം, പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ധർ, കൈപണിക്കാർ, അവിദഗ്ധ തൊഴിലാളികൾ എന്നിവർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം (ടൂൾ കിറ്റ് ഗ്രാന്റ്), നീതിന്യായ വ്യവസ്ഥയിൽ പിന്നാക്ക വിഭാഗങ്ങളുടെ മതിയായ

| | | | |
|---|---|---|---|
| | | | പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ഈ വിഭാഗത്തിലെ നിയമ ബിരുധധാരികൾക്ക് നൽകുന്ന ധനസഹായം, സ്വകാര്യ പങ്കാളിത്തത്തോടെ ഓട്ടോമൊബൈൽ/ ഹോട്ടൽ മാനേജ്മെന്റ് /ലോജിസ്റ്റിക്/ പോളിമർ ടെക്നോളജി എന്നീ മേഖലയിൽ ഡിഗ്രി/ ഡിപ്ലോമ/ഐ.ടി.ഐ/ഐ.ടി.സി കോഴ്സ് പൂർത്തിയാക്കിയവർക്ക് പരിശീലനവും തൊഴിലും ഉറപ്പാക്കുന്നതിനുള്ള പദ്ധതി എന്നീ 5 പദ്ധതികളാണ് പുതിയ സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നടപ്പ് വർഷം അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷം ഒ.ബി.സി വിഭാഗത്തിൽപ്പെട്ട വിധവകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി, തെരുവു കച്ചവടക്കാർക്ക് മൊബൈൽ സ്ട്രീറ്റ് വെന്റിംഗ് കാർട്ട്, എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട്-അപ്പ് സംരംഭങ്ങൾ എന്നീ 3 പുതിയ പദ്ധതികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. കൂടാതെ 2023-24 മുതൽ നടപ്പിലാക്കി വരുന്ന ഇലക്ട്രിക് / സിഎൻജി ഓട്ടോ ടാക്സി വാങ്ങുന്നതിനുള്ള സഹായ പദ്ധതിയിൽ 2024-25 വർഷം മുതൽ പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർക്ക് ത്രീവീലർ യൂട്ടിലിറ്റി സ്കൂട്ടറുകൾ വാങ്ങുന്നതിനുള്ള സഹായം കൂടി പുതിയ ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പട്ടികജാതിക്കാരിലെ അതിദുർബലർക്ക് തൊഴിലുറപ്പ് പദ്ധതിയിൽ അധികദിനങ്ങൾ നൽകാൻ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വിശദമാക്കുമോ; | (ബി) | പട്ടികജാതിക്കാരിലെ അതിദുർബലർക്ക് തൊഴിലുറപ്പ് പദ്ധതി പ്രകാരം നിലവിൽ നൽകി വരുന്ന 100 തൊഴിൽ ദിനങ്ങൾക്ക് പുറമെ 50 ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിന് വേണ്ടി സ്വീകരിക്കുന്ന നടപടികൾ പുരോഗമിച്ച് വരികയാണ്. പട്ടികജാതിക്കാരിലെ അതിദുർബലർക്ക് അധിക തൊഴിൽ ദിനങ്ങൾ നൽകുന്നതിനായി MGNREGS-ന്റെ Management Information System-ൽ പ്രത്യേകം ഓപ്ഷൻ ചേർക്കുന്നതിനും ആയതിലേക്കായി പട്ടികജാതി വിഭാഗത്തിലെ വളരെ ദുർബല വിഭാഗങ്ങളെ NREGA സോഫ്റ്റ്‌വെയറിൽ പ്രത്യേകം മാർക്ക് ചെയ്യുന്നതിനും ടി വിഭാഗത്തിന് വേതനം വിതരണം ചെയ്യുന്നതിന് പ്രത്യേക ബാങ്ക് അക്കൗണ്ട് മാർക്ക് ചെയ്യുന്നതിനും ഓപ്ഷൻ ലഭ്യമാക്കി നൽകുന്നതിന് |

| | | | |
|---|---|---|---|
| | | | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം ) മിഷൻ ഡയറക്ടർ കേന്ദ്ര സർക്കാരിൽ കത്ത് നൽകിയിട്ടുണ്ട് . |
| (സി) | പട്ടികജാതി കുടുംബങ്ങളുടെ സമഗ്ര വിവരശേഖരണ പദ്ധതിയായ ഹോം സർവ്വേ എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; ആയത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പട്ടികജാതി കുടുംബങ്ങളുടെ സമഗ്ര വിവരശേഖരണ പദ്ധതിയായ ഹോം സർവ്വേയിൽ 4.02.2025 ലെ കണക്ക് പ്രകാരം 90.73 ശതമാനം കുടുംബങ്ങളുടെ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. നിലവിൽ പത്തനംതിട്ട, കണ്ണൂർ, മലപ്പുറം, എറണാകുളം, പാലക്കാട് എന്നീ 5 ജില്ലകളിൽ വിവരശേഖരണം പൂർത്തികരിച്ചിട്ടുണ്ട്. ഹോം സർവ്വേ സംബന്ധിച്ചുള്ള എല്ലാ പ്രക്രിയകളും 2025-26 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ